'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - തിരുവനന്തപുരം ജില്ല - കാട്ടാക്കട ഗ്രാമ പഞ്ചായത്ത് - ട്രാൻസ്ഫർ ക്രെഡിറ്റാകാത്ത 2022-23 സാമ്പത്തിക വർഷം അനുവദിച്ച പൊതു ആവശ്യ ഫണ്ടിന്റെ 12-ാം ഗഡു തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.1887/2025/ധന തീയതി,തിരുവനന്തപുരം, 28-02-2025

---

പരാമർശം : 1. സ.ഉ (സാധാ) നം. 2100/2023/ധന തീയതി: 18.03.2023

2. കാട്ടാക്കട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 26/05/2023 ലെ Pres/144/2023 നം. കത്ത്.

3. 27/02/2024 തീയതിയിലെ ട്രഷറി ഡയറക്ടറുടെ TRY/1170/2024-E2 നം. കത്ത്.

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷം പരാമർശം (1) പ്രകാരം അനുവദിച്ച 12-ാം ഗഡു പൊതു ആവശ്യ ഫണ്ട് തുകയായ 16,86,900/- രൂപ ട്രഷറി നിയന്ത്രണം കാരണം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതിനാൽ ടി തുക പുനരനുവദിക്കാനായി പരാമർശം (2) പ്രകാരം കാട്ടാക്കട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ട്രഷറി ഡയറക്ടറുടെ റിപ്പോർട്ടിന്റെയും വീഡിയോ കോൺഫറൻസിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് ട്രഷറി നിയന്ത്രണം ഇല്ലായിരുന്നിട്ടു കൂടി കാട്ടാക്കട ഗ്രാമപഞ്ചായത്തിന് ബില്ല് മാറാൻ കഴിയാത്തത് ട്രഷറി ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണ് എന്ന് വ്യക്തമായതിനാൽ 2022-23 സാമ്പത്തിക വർഷം കാട്ടാക്കട ഗ്രാമപഞ്ചായത്ത് ട്രഷറിയിൽ സമർപ്പിക്കുകയും ബിൽ മാറാത്തതുമായ പൊതു ആവശ്യ ഫണ്ട് 12-ാം ഗഡു തുകയായ 16,86,900/- രൂപ (പതിനാറ് ലക്ഷത്തി എൺപത്തി

ആറായിരത്തി തൊള്ളായിരം രൂപ മാത്രം) 2024-25 -ലെ പൊതു ആവശ്യ ഫണ്ടിന്റെ 3604-00-200-83-(05)-NP ശീർഷകത്തിൽ നിന്നും കാട്ടാക്കട ഗ്രാമപഞ്ചായത്തിന് (G010508) പുനരനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

---

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കാട്ടാക്കട ഗ്രാമപഞ്ചായത്ത് , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 2585968)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ